പതിനാലാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നം : 1748

05.02.2019 ലെ മറുപടിക്ക്

## എൻ.സി.സി. ഡയറക്ടറേറ്റിലെ ഗേൾ കേഡറ്റ് അഡ്മിനിസ്ട്രേഷൻ തസ്തിക

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. വി.ടി. ബൽറാം : | ഡോ. കെ.ടി. ജലീൽ (ബഹു. ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി) |
| (എ) കേരള എൻ.സി.സി. ഡയറക്ടറേറ്റിൽ ഗേൾ കേഡറ്റ് അഡ്മിനിസ്ട്രേറ്റർ തസ്തികയിൽ ദിവസ വേതന അടിസ്ഥാനത്തിൽ ജോലി ചെയ്തുവന്നവരെ 2017 ൽ പിരിച്ചുവിട്ടിട്ടുണ്ടോ ; എങ്കിൽ എത്ര പേരെയാണ് ഇങ്ങനെ പിരിച്ചുവിട്ടത് ; | (എ) ഉണ്ട്. 5 പേരെ പിരിച്ചുവിട്ടിട്ടുണ്ട്. |
| (ബി) ഈ തസ്തികയിൽ നിയമിക്കപ്പെടാൻ അവിവാഹിതരായിരിക്കണമെന്ന് വ്യവസ്ഥയുണ്ടോ ; | (ബി) ഇല്ല |
| (സി) ഈ തസ്തികയിലേയ്ക്കുള്ള നിയമനത്തിനായി 2016 ൽ തയ്യാറാക്കിയ ലിസ്റ്റിൽ നിന്നും 2017 ആഗസ്റ്റിന് ശേഷം നിയമിതരായവർ എത്ര ; ഇവരുടെ വിവരം ലഭ്യമാക്കാമോ ; | (സി) ആരും നിയമിതരായിട്ടില്ല |
| (ഡി) 2017 ആഗസ്റ്റിൽ ഈ തസ്തികയിലേയ്ക്ക് അപേക്ഷ ക്ഷണിച്ചിരുന്നോ ; ഇത് പ്രകാരം ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ടോ ; ഇതിൽ നിന്നും എത്ര പേരെ നിയമിച്ചുവെന്ന് വ്യക്തമാക്കാമോ ; | (ഡി) അപേക്ഷ ക്ഷണിച്ചിരുന്നു. 37 പേരുടെ റാങ്ക് ലിസ്റ്റ് തയ്യാറാക്കി പ്രസിദ്ധീകരിച്ചു. അതിൽ നിന്നും അഞ്ചുപേർക്ക് ഒക്ടോബർ 2017 ൽ ഒരുവർഷത്തേക്ക് കരാർ അടിസ്ഥാനത്തിൽ താത്കാലിക നിയമനം നൽകുകയുണ്ടായി. |

(ഇ) ഈ തസ്തികയിലേയ്ക്കുള്ള നിയമനം പി.എസ്.സി. മുഖേനയാണോ നടത്തുന്നത് ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ ;

(ഇ) അല്ല. ഈ തസ്തികയിൽ കേന്ദ്ര പ്രതിരോധ മന്ത്രാലയമാണ് സ്ഥിരമായിട്ടുള്ള നിയമനം നടത്തുന്നത്. കേന്ദ്ര പ്രതിരോധ മന്ത്രാലയത്തിന് കീഴിലുള്ള സായുധ സേനാംഗങ്ങളാണ് എൻ.സി.സി. കേഡറ്റുകളെ പരിശീലിപ്പിക്കുന്നത്. ദേശീയ തലത്തിൽ കേഡറ്റുകളായ പെൺകുട്ടികളുടെ എണ്ണം 33 ശതമാനമായി ഉയർത്തിയതിന്റെ ഭാഗമായി സംസ്ഥാനത്തെ കേഡറ്റുകളുടെ എണ്ണം 41 ശതമാനമായി വർദ്ധിച്ചു. ഈ സാഹചര്യത്തിലും പെൺകുട്ടികളുടെ സുരക്ഷയ്ക്കും, അകമ്പടിയ്ക്കും, പരിശീലനത്തിനുമായി കേന്ദ്രത്തിൽ നിന്നും ഗേൾസ് കേഡറ്റ് ഇൻസ്ട്രക്ടർമാരുടെ നിയമനങ്ങളിൽ താമസം ഉണ്ടായ സാഹചര്യത്തിലും, താത്കാലികമായി ഒരു വർഷത്തേക്ക് കരാർ അടിസ്ഥാനത്തിൽ 5 ഗേൾസ് കേഡറ്റ് അഡ്മിനിസ്ട്രേറ്റർമാരെ നിയമിക്കുന്നതിന് 23/9/15 ലെ ജി.ഒ.(ആർ.ടി)2510/2015/ഉവിവ, 4/7/2017 ലെ സ.ഉ(ആർ.ടി)1264/2017/ഉവിവ എന്നിവ പ്രകാരം ഉത്തരവായിട്ടുണ്ട്.

(എഫ്) താത്ക്കാലിക നിയമനം നേടിയ ആരെയെങ്കിലും സ്ഥിരപ്പെടുത്തിയിട്ടുണ്ടോ ; എങ്കിൽ ഏത് മാനദണ്ഡ പ്രകാരമാണ് ഇവരെ സ്ഥിരപ്പെടുത്തിയത് എന്ന് വ്യക്തമാക്കുമോ ?

(എഫ്) ഇല്ല.

സെക്ഷൻ ഓഫീസർ